**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടർ (A & T) യുടെ നടപടിക്രമം**

വിഷയം : ആ.വ.ഡ — ജീവനക്കാര്യം — ഫീഡർ തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി (ബൈ ട്രാൻസ്ഫർ) നിയമനത്തിനർഹതയുള്ളവരുടെ 01-06-2021 മുതൽ 31-07-2022 വരെയുള്ള താൽക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് — ഉത്തരവാകുന്നു.

പരാമർശം: 1) സ.ഉ. (പി) നം. 76/2017/ആ.കു.വ, തീയതി 12-12-2017
2) സ.ഉ. (കൈ) നം. 11/2020/ആ.കു.വ, തീയതി 25-01-2020
3) ഉത്തരവ്. ഇ. എസ് 1-19601/2021/ആ.വ.ഡ, തീയതി 13.10.2021
4). സർക്കുലർ നം.ഇഎസ്1-48554/2022/ആവ ഡ തീയതി 19.07.2022

**ഉത്തരവ് നം. ഇ.എസ്1- 48554/2022/ആ.വ.ഡ/തീയതി : 25/08/2022**

പരാമർശം (3) ലെ ഉത്തരവ് പ്രകാരം ഫീഡർ തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനത്തിന് അർഹതയുള്ളവരുടെ 01-06-2019 മുതൽ 31-05-2021 വരെയുള്ള സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് 01-06-2021 മുതൽ 31-07-2022 വരെയുള്ള സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനായി പരാമർശം (4)ലെ സർക്കുലർ പ്രകാരം അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 04 (നാല്) അപേക്ഷകൾ ലഭിച്ചിരുന്നു. പരാമർശം (1) & (2) സർക്കാർ ഉത്തരവ് പ്രകാരം ഫീഡർ തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനത്തിനുള്ള യോഗ്യതകൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

1) ജനറൽ - പ്ലസ് ടു വിജയം / തത്തുല്യ യോഗ്യത
2) ടെക്നിക്കൽ - കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് (ഡി.എച്ച്.ഐ.സി)
3) രജിസ്ട്രേഷൻ - കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

കുറിപ്പ്:-1) നിലവിൽ 5 വർഷം സർവ്വീസ് ഉള്ളവരും എസ്.എസ്.എൽ.സി, ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് / സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയുള്ളവരുമായ ജീവനക്കാരെ പ്ലസ് ടു & ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് (ഡി.എച്ച്.ഐ.സി) യോഗ്യതയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

2) 2008 ജൂലൈ 8 ന് സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നവരും 2010 ഡിസംബർ 31 ന് ആരോഗ്യ വകുപ്പിൽ ജോലിയുള്ളവരും, എസ്. എസ്. എൽ. സി. യും ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് / സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് ഉള്ളവരും ആയ ജീവനക്കാരെ പ്ലസ് ടു & ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് (ഡി.എച്ച്.ഐ.സി) യോഗ്യതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് മുകളിൽ ചേർത്തിട്ടുള്ള മതിയായ യോഗ്യത ഉള്ള ജീവനക്കാരുടെ 01-06-2021 മുതൽ 31-07-2022 വരെയുള്ള താത്ക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. ഓരോ ജീവനക്കാരന്റെയും ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി, ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി, സാങ്കേതിക യോഗ്യത നേടിയ തീയതി എന്നിവ അടിസ്ഥാനമാക്കിയാണ് സീനിയോറിറ്റി നിർണ്ണയിച്ചിട്ടുള്ളത്.

പ്രസ്തുത സീനിയോറിറ്റി പട്ടികയ്ക്കെതിരെ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ പട്ടിക പ്രസിദ്ധീകരിച്ച തീയതി മുതൽ 10 ദിവസത്തിനകം ഉചിത മാർഗ്ഗേന ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നുമില്ല എന്ന നിഗമനത്തിൽ ടി പട്ടിക അന്തിമമാക്കുന്നതാണ്. പട്ടിക അനുബന്ധമായി ചേർക്കുന്നു.

(ഒപ്പ്)

**ഡോ.റീന.കെ.ജെ**

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)**

സ്വീകർത്താവ്

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.

പകർപ്പ് :-

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3. ഫയൽ / കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

**സീനിയർ സൂപ്രണ്ട്**

## Preliminary seniority list for promotion to the post of Junior Health Inspector Gr.II from among the Feeder categories as on 1-6-2022

| SL N | Name | Date of Birth | Designation | Date of entry in HSD | Present station | scale of pay | Qualification General | Qualification on Technical | Date of aquisition of Technical Qualification |
|---|---|---|---|---|---|---|---|---|---|
| 1 | Pavithran.N.K | 07-05-75 | Office Attendant | 29-07-2015 | DMO Office Malappuram | 23000-50400 | Plus two | DHIC | 30-04-2022 |
| 2 | Anitha Mol.V | 30-11-79 | Hospital Attendant Gr.II | 22-10-2016 | PHC TV Puram, Vaikom, Kottayam | 23000-50400 | Plus two | DHIC | 30-04-2022 |
| 3 | Shanti.R | 05-04-92 | Office Attendant | 21-11-2016 | PHC Melamuri,Palakkad | 23000-50400 | Plus two | DHIC | 30-04-2022 |
| 4 | Aneesha.T | 18-11-90 | Office Attendant | 07-06-2017 | FHC Elamkulam,Malappuram | 23000-50400 | Plus two | DHIC | 30-04-2022 |

**Sd/**
**Dr.Reena K J**
**Additional Directof of Health Services(A&T)**

**//Approved for Issue//**

**Senior Superintendent**